# ഫോറേറ്റ് കീടനാശിനി മരണം വിതയ്ക്കുന്നു

എസ്. ഉഷ

ഇടുക്കി ജില്ലയിലെ ഏലം,തേയിലത്തോട്ടങ്ങളിൽ അങ്ങേയറ്റം മാരകമായ ഫോറേറ്റ് കീടനാശിനിപ്രയോഗം മരണം വിതയ്ക്കുന്നു. ഓർഗാനോ ഫോസ്ഫറസ് വിഭാഗത്തിൽ പെടുന്ന ഈ കീടനാശിനി പല പേരുകളിലും ലഭ്യമാണ്.രണ്ടു വർഷം മുമ്പ് ഫോട്ടോക്സ്-ജി എന്ന പേരിലുള്ള ഇതേ കീടനാശിനിയാണ് ആറ്റിങ്ങലിനടുത്ത് ചെമ്പൂർ ഗ്രാമത്തിൽ കുറെപ്പേരെ രോഗബാധിതരാക്കിയത്.

വലിയ വാർത്താപ്രാധാന്യമൊന്നുമില്ലാതെയാണ് ഇക്കഴിഞ്ഞ ജൂൺ 26-ാം തിയ്യതി കീടനാശിനി തളിക്കുമ്പോൾ പതിനാറു വയസ്സുള്ള ആൺകുട്ടി മരിച്ചുവെന്ന വാർത്ത പത്രത്തിൽ വന്നത്.കാഞ്ചിയാർ പഞ്ചായത്തിലെ പ്രകാശ് എസ്റ്റേറ്റിൽ ഒരാഴ്ചയായി ഈ കുട്ടി ഫോറേറ്റ് ഇടുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു.ദിവസവും 8മണിക്കൂറാണ് ജോലി.അപകടം നടന്ന ദിവസം രാവിലെ 10മണിയോടെ കുട്ടിയ്ക്ക് വല്ലാത്ത ക്ഷീണം അനുഭവപ്പെട്ടു. അല്പസമയം കഴിഞ്ഞു കുട്ടി ഛർദിക്കുന്ന ശബ്ദം കേട്ടെത്തിയ പണിക്കാർ കട്ടപ്പനയിലെ സെന്റ്ജോൺസ് ആശുപത്രിയിൽ അവനെ എത്തിക്കുന്നതിനു മുമ്പു തന്നെ മരണം സംഭവിച്ചിരുന്നു.

ഒരാൾ ഏലക്കാട്ടിലൂടെ നടക്കുകയാണെങ്കിൽ അരമണിക്കൂറിനകം തന്നെ അയാൾ അതിനകത്തുനിന്ന് പുറത്തോട്ടോടി രക്ഷപ്പെടാൻ ശ്രമിക്കും. കാരണം അത്രയ്ക്ക് തലവേദന അനുഭവപ്പെടും,ഛർദ്ദിക്കാൻ തോന്നും,വായിൽ വെള്ളം തെളിയും,കൂടുതൽ സമയം നിന്നാൽ തലയ്ക്കകത്ത് ഒരു പെരുപ്പ് അനുഭവപ്പെടുകയും ശരീരം തളരുകയും ചെയ്യും.

ജൂൺ 26-ാം തിയ്യതി തന്നെ ഉപ്പുതറ പഞ്ചായത്തിലെ കരിന്തരുവി തേയിലത്തോട്ടത്തിലും ഫോറേറ്റ് വിഷബാധ ഉണ്ടായി.തേയിലയ്ക്ക് വിലകുറഞ്ഞതിനാൽ തോട്ടങ്ങൾ വൈവിധ്യവത്ക്കരിക്കുക എന്നൊരു പരിപാടി പലയിടത്തും ആരംഭിച്ചിട്ടുണ്ട്.ഇതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ പല തേയിലത്തോട്ടങ്ങളും മുള നടാനായി തുടങ്ങിയിട്ടുണ്ട്.കരിന്തരുവി എസ്റ്റേറ്റിൽ മുളയരി നടുന്നതിന്റെ ചുറ്റും അത് സംരക്ഷിക്കാനായി ഫോറേറ്റ് ഇട്ടുവരുന്നു.

അപകടം നടന്ന ദിവസം ഉച്ച കഴിഞ്ഞ് തേയില നുള്ളാനെത്തിയ സ്ത്രീകൾക്ക് ഫോറേറ്റിന്റെ രൂക്ഷഗന്ധം അനുഭവപ്പെട്ടെങ്കിലും അവർ പണി തുടങ്ങി.പക്ഷെ അരമണിക്കൂർ കഴിഞ്ഞപ്പോഴേയ്ക്കും തലചുറ്റും ഛർദ്ദിയുമൊക്കയായി പലരും കുഴഞ്ഞു വീഴുകയായിരുന്നു. സൂപ്പർവൈസർമാർ ഉൾപ്പടെ നാല്പതോളം ആളുകളെ ആശുപത്രിയിൽ എത്തിക്കേണ്ടി വന്നു.തോട്ടത്തിനടുത്തുള്ള വഴിയിലൂടെ വഴിയിലൂടെ നടന്നു പോയ ഒരാൾക്കു പോലും ഫോറേറ്റ് ശ്വസിച്ചതിന്റെ ഫലമായി ബോധക്ഷയമുണ്ടായി.

മുള നടുന്നതിനോടുള്ള എതിർപ്പ് പ്രകടിപ്പിക്കാനാണ് തൊഴിലാളികൾ ഇതൊരു പ്രശ്നമാക്കി പെരുപ്പിച്ചു കാണിച്ചതെന്ന് മാനേജ്മെന്റ് (ഡോക്ടർമാരും) പറയുന്നുവർഷത്തിൽ ഇരുന്നൂറു ദിവസമെങ്കിലും കീടനാശിനി തളിക്കുന്ന പണിയിലേർപ്പെടുന്ന തൊഴിലാളികൾക്ക് ഇതിനു മുമ്പും ഒട്ടേറെ അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്. എന്നാൽ,ഇതെല്ലാം പുറംലോകമറിയാതെ എസ്റ്റേറ്റിനകത്തു തന്നെ അവസാനിക്കുകയാണ് പതിവ്.കുട്ടികളടക്കം എല്ലാ മനുഷ്യരും ഇവിടെ വിവിധ തരം രോഗങ്ങൾക്ക് അടിമപ്പെട്ടു കൊണ്ടിരിക്കുകയാണ്.

ഇടുക്കി ജില്ലയിലെ പ്രധാനപ്പെട്ട രണ്ടു കാർഷിക വിളകളാണ് ഏലവും തേയിലയും. ചെടികൾക്ക് വർഷം മുഴുവൻ നീണ്ടു നില്ക്കുന്ന രാസസംരക്ഷണരീതികളാണ് ഈ രണ്ടു കൃഷിയിലും അവലംബിക്കുന്നത്.ഏലത്തോട്ടങ്ങളിൽ കഴിഞ്ഞ പത്തുപതിനഞ്ചു വർഷങ്ങളായി ഉപയോഗിക്കുന്ന കീടനാശിനിയാണ് ഫോറേറ്റ്. അടുത്ത കാലത്ത് ഏലത്തിന്റെ ഒരു പ്രധാന കീടമായി മാറിയിരിക്കുന്ന പേരു പുഴുവിനെ നിയന്ത്രിക്കാൻ സ്പൈസസ് ബോർഡ് നിർദേശിച്ചിരിക്കുന്ന ഒരു കീടനാശിനി കൂടിയാണിത്.ഫോറേറ്റ്,ഏലച്ചെടിക്ക് ചുറ്റും മണ്ണിളക്കിയാണ് ഇടുക.

മഴക്കാലം തുടങ്ങിയാൽ ഏലത്തോട്ടങ്ങളിൽ മുഴുവനും ഫോറേറ്റിന്റെ രൂക്ഷഗന്ധം നിറഞ്ഞു നില്ക്കും.ഇത് ശ്വസിച്ച് കൊണ്ടാണ് സ്ത്രീകളും പുരുഷന്മാരും കുട്ടികളും തോട്ടത്തിനകത്ത് പണിയെടുക്കുക. കീടനാശിനി തളിക്കുന്നതു തുടങ്ങി എല്ലാ പണികളും പകുതി കൂലിക്ക് കുട്ടികൾ ചെയ്യുന്നുണ്ട്. ഫോറേറ്റ് പോലുള്ള മാരകവിഷങ്ങൾ കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളൊന്നും തന്നെ ആരും ഇതു വരെ നടപ്പാക്കിട്ടില്ല.

കേരളത്തിൽ വ്യാപകമായി ഉപയോഗിക്കുന്ന ഒരു കീടനാശിനിയാണിത്.വ്യാപകമായി ഉപയോഗിക്കുന്നത് കൊണ്ടു തന്നെ ഇതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ആളുകൾ വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നുമില്ല.വർഷങ്ങൾ കഴിയുന്തോറും ഫോറേറ്റിന്റെ ഉപയോഗം കൂടി വരികയാണ്.

ഈ തോട്ടങ്ങളിൽ ഉപയോഗിക്കുന്ന കീടനാശിനികളുടെ വലിയൊരളവ് ഒലിച്ചിറങ്ങി നേരെയെത്തുന്നത് പെരിയാറിലേയ്ക്കാണ്.ലക്ഷക്കണക്കിനാളുകൾ കുടിവെള്ളത്തിനും കുളിയ്ക്കാനും ഒക്കെ ആശ്രയിക്കുന്ന പെരിയാറിലെ വെള്ളം അങ്ങിനെ നിരവധി രാസകീടനാശിനികൾ കലർന്ന് മലിനമാകുകയും ചെയ്യുന്നു.